പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3224

15.02.2013-ൽ മറുപടിയ്ക്ക്

## ആലപ്പുഴ തീരദേശ റോഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പ് മന്ത്രി) |
| (എ) തീരദേശ റോഡിന്റെ ഭാഗമായുള്ള വാടക്കനാൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടും ഇതിന്റെ ഭാഗമായുള്ള റോഡിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (സി) പ്രസ്തുത റോഡിന്റെ പൂർത്തീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ? | (സി) | ഇരട്ടക്കുളങ്ങര മുതൽ തോട്ടപ്പള്ളി വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി 682 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) റോഡ് പൂർത്തിയാക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; | (ഡി) & (ഇ) | മേൽപ്പറഞ്ഞ ഭാഗത്തെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിൽ നിന്നും ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) എങ്കിൽ, ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ